ഉത്തരം

(എ) 96156 ഏക്കർ.

(ബി) 65238 ഏക്കർ

(സി) പൊതു ആവശ്യത്തിന് മാറ്റി വച്ച 20235 ഏക്കർ മിച്ചഭൂമിയിൽ 2621 ഏക്കർ മറ്റാവശ്യങ്ങൾക്കായി വിട്ടുകൊടുത്തിട്ടുണ്ട്.

(ഡി) 780 ഏക്കർ.

(ഇ) 25647 ഏക്കർ.

(എഫ്) 5189 ഏക്കർ.

(ജി) പതിച്ചു നൽകിയ ഭൂമിക്ക് കൈവശരേഖയും പട്ടയവും നൽകിയിട്ടുണ്ട്.

മിച്ചഭൂമി വിതരണം

68 (2124)ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗലപുരം ഗ്രാമപഞ്ചായത്തതിർത്തിയിൽപ്പെട്ട ശാസ്തവട്ടത്ത് ലഭ്യമാക്കിയിട്ടുള്ള മിച്ചഭൂമി ഭൂരഹിതരായവർക്ക് നൽകി പട്ടയ വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പേർക്കാണ് പട്ടയം നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)&(ബി) പ്രസ്തുത സ്ഥലത്ത് മിച്ചഭൂമി ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംയുക്ത അതിർത്തി സർവ്വേ

69 (2125)ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ അതിർത്തി സംസ്ഥാനങ്ങളുമായി ചേർന്ന് അതിർത്തികളിൽ സംയുക്ത സർവ്വേ നടത്താറുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കുമോ;

(ബി) ഏറ്റവും ഒടുവിൽ നടത്തിയ സംയുക്ത സർവ്വേ പ്രകാരം കേരളത്തിന്റെ അതിർത്തിയുടെ ദൂരം എന്തുമാത്രം എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly